Ready for Phonics

# അക്ഷരങ്ങളും ശബ്ദങ്ങളും


സ്വീകരണ ക്ലാസ്സുകളിലുള്ള കുട്ടികളുടെ മാതാപിതാക്കള്ക്കും രക്ഷിതാക്കൾക്കുമുള്ള ശബ്ദ ശാസ്ത്ര വിവരങ്ങള് .

ശബ്ദ ശാസ്ത്രമുപയോഗിച്ചു എങ്ങനെ എഴുതുകയും വായിക്കുകയും ചെയ്യാമെന്ന് സ്കൂളില് നിങ്ങളുടെ കുട്ടികളെ പഠിപ്പിക്കും .

- വാക്കുകളിലെ ശബ്ദങ്ങള് എങ്ങനെ ശ്രവിക്കാമെന്നും ,
- ഏത് അക്ഷരമാണ് ഏത് ശബ്ദത്തിനെ പ്രതിനിധീകരിക്കുന്നതെന്നും ,
- വായിക്കുമ്പോള് വാക്കുകളെ പല പല ശബ്ദങ്ങളായി എങ്ങനെ വേര്തിരിക്കാമെന്നും ,
- എഴുതുന്നതിനുവേണ്ടി ആ ശബ്ദങ്ങളെ എങ്ങനെ കൂട്ടിചേർക്കാമെന്നും,

ഒന്നാം ഭാഷ ഇംഗ്ലീഷ് അല്ലാത്ത കുട്ടികളുടെ മാതാപിതാക്കള് അവരുടെ കുട്ടികളെ ഇംഗ്ലീഷ് ശബ്ദ ശാസ്ത്രം പഠിപ്പിക്കുന്നതില് വളരെ ബുദ്ധിമുട്ടാറുണ്ട്. നിങ്ങളുടെ കുട്ടികളെ വീട്ടില് വച്ച് അക്ഷര ശബ്ദങ്ങളുപയോഗിച്ചു വായിക്കാന് പഠിക്കുന്നതില് എങ്ങനെ സഹായിക്കാമെന്ന് ഈ ലേഖനം ചുരുക്കി വിവരിക്കുന്നു.

## ***‘ശബ്ദങ്ങളായി സംസാരിക്കുന്നതെങ്ങിനെ എന്ന് പഠിക്കാം***

വാക്കുകളിലെ വ്യത്യസ്തങ്ങളായ ശബ്ദങ്ങള് വെവ്വേറെ ഉറക്കെ ക്രമമായി വായിക്കുക. ഉദാഹരണത്തിന് ക-ആ-റ്റ്=**cat**  അതിനുശേഷം അവ ഒന്നായി കൂട്ടി വായിക്കുക ഇതിനെ കൂട്ടിച്ചേര്ക്കല് എന്ന് പറയുന്നു. ഇത് വായനയിലെ ഒരു പ്രധാനമായ ഘടകമാണ്. ഇത് എങ്ങനെ ചെയ്യാമെന്ന് ടീച്ചര് കുട്ടികളെ കാണിച്ചുകൊടുക്കുന്നു.

ഇത് മറ്റൊരു രീതിയിലും ചെയ്യാമെന്ന് കുട്ടികള് മനസ്സിലാക്കുന്നു. ആദ്യം വാക്കുകള് മുഴുവനായി ഉച്ചരിക്കുക , അതിനുശേഷം അവ പല ശബ്ദങ്ങളായി വേര്തിരിച്ചു വായിക്കുക ഉദാ:ക്യാറ്റ് -ക -ആ- റ്റ് ഇതിനെ വേര്തിരിക്കല് എന്നുപറയുന്നു .സ്പെല്ലിംഗ് പഠനത്തിനു ഇതു വളരെ ഉപകാരപ്രധമാണ്. വാക്കുകളിലെ വ്യത്യസ്തങ്ങളായ ശബ്ദങ്ങള് കുട്ടികള് വേർതിരിച്ചു ശ്രവിക്കേണ്ടത് വളരെ പ്രധാനമാണ് .

## കുട്ടികളെ ഭവനത്തില് വച്ച് സഹായിക്കുവാനുള്ള വഴികള്

**ശബ്ദ- സംസാരം -** നിങ്ങള്ക്കിത് നിങ്ങളുടെ മാതൃ ഭാഷയിലോ ഇന്ഗ്ലിഷിലോ ചെയ്യാം . മൂന്നു ശബ്ദങ്ങലുള്ള പേരുകളുള്ളഏതെങ്കിലും വസ്തുക്കളെ വീട്ടില് കണ്ടെത്തുക, അതിനു ശേഷം ശബ്ദ സംസാരം പരിശീലിപ്പിക്കുക. ആദ്യം അവര് ശ്രവിക്കട്ടെ, അതിനുശേഷം ഒപ്പം ചേരുന്നുണ്ടോ എന്ന് ശ്രദ്ധിക്കുക .

ഉദാ: ‘ഐ സ്പയ് എ ക-അ-പ്- കപ് ‘

‘വേര് ഈസ് യുവര് അദര് സ്-ഓ-ക്ക്- സോക്ക് ’

**ശബ്ദങ്ങളെ അക്ഷരങ്ങളുമായി ബന്ധിപ്പിക്കുന്നത്**

അക്ഷരങ്ങളുടെ ശബ്ദങ്ങള് കുട്ടികളെ പഠിപ്പിക്കും. ഏത് ശബ്ദമാണോ ഏത് അക്ഷരത്തിനെ പ്രധിനിധീകരിക്കുന്നതെന്നും ഒന്നിലധികം അക്ഷരങ്ങള്ക്ക് ഒരു ശബ്ദത്തെ പ്രധിനിധീകരിക്കാമെന്നും ഉദാ:ല് ഇന് ബ-എ-ല് (b-e-ll) അവര് പഠിക്കുന്നു .കുട്ടികള് വാക്കുകളും അക്ഷരങ്ങളും കണ്ടും കേട്ടും പഠിക്കുന്നു. കാന്തം പിടിപ്പിച്ച അക്ഷരങ്ങളോ മരം കൊണ്ടുണ്ടാക്കിയ അക്ഷരങ്ങളോ ഉപയോഗിച്ച് എങ്ങനെ കൊച്ചു കൊച്ചു വാക്കുകള് ഉണ്ടാക്കാമെന്നും, ഈ കൊച്ചു വാക്കുകളെ വായിക്കുവാനും വെവ്വേറെ ശബ്ദങ്ങളായി വിഭാഗിക്കുവാനും അവര് പഠിക്കുന്നു.

## *ശബ്ദങ്ങളുടെ ഉച്ചാരണം*

*കൂട്ടിച്ചേര്ക്കല് അനായസമാക്കുവാന് എങ്ങനെ ശബ്ദങ്ങള് ശരിയായി ഉച്ചരിക്കാമെന്ന് നിങ്ങളുടെ കുട്ടികളെ പഠിപ്പിക്കും നിങ്ങള്ക്ക്.**ഇനന്സിയെഷെന് വീഡിയോ** ക്ലാസ് ടീച്ചറിനോട് ആവശ്യപ്പെടാം. ഇതുപയോഗിച്ച് ശരിയായ ഉച്ചാരണം പഠിച്ചതിനുശേഷം കുട്ടികളെ സഹായിക്കാം .*

.

**ഭവനത്തില് വച്ച് നിങ്ങളുടെ കുട്ടികളെ സഹായിക്കാനുള്ള വഴികള്.**

### കാന്തം പിടിപ്പിച്ച അക്ഷരങ്ങള്



നിങ്ങളുടെ ഫ്രിഡ്ജില് ഒട്ടിക്കുവാനായി കാന്തം പിടിപ്പിച്ച അക്ഷരങ്ങള് വാങ്ങുക, ഇത് ഒരു ടിന് ട്രേ യിലും ഉപയോഗിക്കാം ഏത് അക്ഷരമാണ് കുട്ടിയെ പഠിപ്പിച്ചതെന്നു കണ്ടെത്തുക, കുട്ടിയുമായി ഈ അക്ഷരങ്ങള്കണ്ടെത്തി ഫ്രിഡ്ജില് ഒട്ടിക്കുന്ന ഒരു കളിയിലെര്പ്പെടുക.

**ഒരുമിച്ചു കൊച്ചു വാക്കുകളുണ്ടാക്കല്**

ഒരുമിച്ചു കൊച്ചു വാക്കുകളുണ്ടാക്കുക, ഉദാ: **it , up, am, and, top, dig , run, met, pick.**നിങ്ങള് വാക്കുകള് തിരഞ്ഞെടുക്കുമ്പോള് അക്ഷരങ്ങള് ഉറക്കെ ഉച്ചരിക്കുക. ഉദാ: **a-m- am , m-e-t -met** നിങ്ങള്ക്കിത് നിങ്ങളുടെ മാതൃ ഭാഷയിലും ചെയ്യാം.



**എഴുതുവാനുള്ള തയ്യാറെടുപ്പ്**

അക്ഷരങ്ങള് എങ്ങനെ ശരിയായി എഴുതാമെന്ന് അധ്യാപകര് മാതൃക കാണിച്ചുതരും. പെന്സില് ശരിയായി പിടിക്കാന് ആവശ്യമാകുന്ന കൈ കൊണ്ടും വിരലുകൊണ്ടുമുള്ള ചെറിയ ചെറിയ നീക്കങ്ങള് പരിശീലിപ്പിക്കുക.

**ചെറിയ അക്ഷരത്തില് എഴുതല്** (writing in lower case letters).

വലിയ അക്ഷരത്തിലും ചെറിയ അക്ഷരത്തിലും എഴുതാന് കുട്ടികള് പഠിക്കും. കൂടുതല് സമയവുംചെറിയ അക്ഷരങ്ങള് ഉപയോഗിക്കുന്നതിനാല് വീട്ടിലും ഇത് തന്നെ ഉപയോഗിക്കുന്നതായിരിക്കും ഉപയോഗപ്രദം.

**ഭവനത്തില് വച്ച് നിങ്ങളുടെ കുട്ടികളെ സഹായിക്കാനുള്ള വഴികള്.**

**മുഴുവന് ശരീരവുമുപയോഗിക്കല്** : എഴുതുന്നതിനു വേണ്ടി അവരുടെ വിരലും കൈയും മാത്രമല്ല ശരീരം മുഴുവനായും എകീകരിക്കേണ്ടതുണ്ട്. തോളിനു മുകളിലൂടെയും താഴെയിലൂടെയും ലക്ഷയ്ത്തിലേക്ക് ബോള് എറിയുക , ബോള് നിലത്തിട്ട് ടാപ്പ് ചെയ്യുക, സ്കിപ്പിംഗ് , ഫ്രിസ്ബീ(പ്ലേറ്റ് പോലിരിക്കുന്ന കനം കുറഞ്ഞ പ്ലാസ്റ്റിക് കളിപ്പാട്ടം ) എറിയുക, തീരത്തുനിന്നും കല്ലുപെറുക്കി കടലിലേക്ക് എറിയുക എന്നിവയെല്ലാം ഏകീകരണത്തിന് സഹായിക്കുന്ന കളികളാണ് .

**കൈകൊണ്ടും വിരല് കൊണ്ടുമുള്ള കളി** : കളിമണ്ണ്, കളിമാവ് എന്നിവ കൊണ്ടുള്ള കളി കൊച്ചുവിരലുകള് ശക്തമാക്കാന് സഹായിക്കും .അതുപോലെ തന്നെ പാചക സെറ്റും ലളിതമായ ഉപകരണങ്ങളും ഉപകാരപ്രധമാണ്.

**കൈ - കണ്ണ് -എകീകരിക്കല്**

ജഗ്ഗിലെക്കും പല വലിപ്പത്തിലുള്ള കപ്പുകളിലെക്കും വെള്ളം ഒഴിക്കുക, ബ്രഷും അടിച്ചുവാരിയും ഉപയോഗിച്ച് നിലം അടിക്കുക,മുറിക്കുക, ഒട്ടിക്കുക, നൂലില് മുത്ത്കോര്ക്കുക, പടങ്ങള് പതിപ്പിച്ചു വരക്കുക, പദപ്രശ്നം പൂരിപ്പിക്കല്, പടങ്ങള് പൊളിച്ചു ശരിയായ സ്ഥലത്ത് ഒട്ടിക്കുക ഇവയെല്ലാം കൈയും കണ്ണും തമ്മിലുള്ള ഏകീകരണം സാധ്യമാക്കുന്നു

**പെന്സില് പിടിക്കല്**

അവര് പിന്സര് നീക്കം പരിശീലിക്കെണ്ടതുണ്ട്. എഴുതുമ്പോള് പെന്സില് നേരെ പിടിക്കാന് ഇത് വളരെയധികം സഹായിക്കുന്നു. അടുക്കളയിലെ ഉപകരണങ്ങള് അവര്ക്ക് നല്കുക എന്നിട്ട് അവര്ക്ക് അതുംകൊണ്ട് ചെറിയ വസ്തുക്കള് പൊക്കി എടുക്കാന് സാധിക്കുന്നുണ്ടോ എന്ന് നോക്കുക, അതിനു ശേഷം തീരെ ചെറിയ വസ്തുക്കള് പൊക്കിയെടുക്കാന് അവരെ പ്രോത്സാഹിപ്പിക്കുക ഉദാ:ചെറിയ ചതുര കട്ടകള് , പഞ്ചസാര കൂനകള് ഉണങ്ങിയ പയര് വര്ഗങ്ങള്, ധാന്യങ്ങള്, ആദ്യം ചോപ്പ് സ്ടിക്കുകൊണ്ടും പിന്നെ ടീസര് കൊണ്ടും വസ്തുക്കള് എടുത്തു ശീലിപ്പിക്കുക പല തരത്തിലുള്ള ധാരാളം പേനയും പെന്സിലും അവര്ക്ക് നല്കുക , അവരുടെ കൈ പിടിച്ചു പെന്സില് ശരിയായി പിടിക്കാന് പരിശീലിപ്പിക്കുക .